## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *10.** **12.01.2021 ൽ മറുപടിയ്ക്ക്**

## സപ്ലൈകോ മുഖേന ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ.ആർ. കേളു<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി. ജോയി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സപ്ലൈകോ മുഖേന ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നീ രീതികളിലൂടെ അവശ്യ സാധനങ്ങൾ വാങ്ങുന്നതിലൂടെ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക, പൊതുവിപണിയിലേതിനെക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം സബ്സിഡി സാധനങ്ങൾ നല്കുന്നതിലൂടെ വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പു വരുത്തുക, പുതിയ വില്പനശാലകൾ അനുവദിച്ചും നിലവിലുള്ളവ നവീകരിച്ചും വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ശബരി ബ്രാൻഡിലുള്ള തേയില, സഹകരണ മേഖലയിലുള്ള റെയ്ഡ്കോ മുഖേന കറിപ്പൊടികളും മസാലപ്പൊടികളും സംസ്കരിച്ച് ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, 40 ശതമാനം വരെ വിലക്കുറവിൽ ഗൃഹോപകരണ വില്പന നടത്തുക എന്നീ പദ്ധതികളാണ് പൊതു വിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | വിപണി ഇടപെടലിനായി ഈ സർക്കാർ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വിപണി ഇടപെടലിനായി ഈ സർക്കാർ ഇതുവരെ 3420.79 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം തിരിച്ചുള്ള പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | സപ്ലൈകോയുടെ യൂണിറ്റുകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചിട്ടുണ്ടോ; | (സി) | ഇല്ല. നിലവിൽ മാവേലി സ്റ്റോർ/സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളില്ലാത്ത 13 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 6 പഞ്ചായത്തുകളിൽ കൂടി പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 7 പഞ്ചായത്തുകൾ മാത്രമേ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാകാത്തതിനാൽ സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്തതായി അവശേഷിക്കുന്നുള്ളു. |
| (ഡി) | സപ്ലൈകോയുടെ വില്പനശാലകളിൽ നിന്നും ഓർഡർ അനുസരിച്ച് വീട്ടുകളിൽ സാധനങ്ങൾ എത്തിച്ച് കൊടുക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് കൂടാതെ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോയുടെ വില്പനശാലകളിൽ നിന്ന് അതേ വിലയിൽ വീടുകളിലേക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സപ്ലൈകോയുടെ 21 വിൽപനശാലകളിൽ ഓൺലൈൻ വില്പനയും വിതരണവും, ഒക്ടോബർ മുതൽ പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 19 സംരംഭകർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. വില്പനശാലകളിൽ നിന്നും ലഭിക്കുന്ന അതെ വിലയിൽ സബ്സിഡി സാധനങ്ങൾ ഒഴികെ ഉള്ളവ സപ്ലൈകോയ്ക്ക് ഒട്ടും സാമ്പത്തിക ബാധ്യതയില്ലാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സപ്ലൈകോയുടെ 21 വില്പനശാലകളിൽ നിന്നും ഓൺലൈൻ വിൽപന/വാതിൽപ്പടി വിതരണ സൗകര്യം 2020 ഒക്ടോബർ മാസം 23-ാം തീയതി മുതൽ ലഭ്യമാണ്. വിൽപ്പനശാലകളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | മെഡിക്കൽ സ്റ്റോറുകൾ കൂടുതൽ പ്രദേശങ്ങളിൽ ആരംഭിക്കാൻ സപ്ലൈകോ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നത് സപ്ലൈകോയ്ക്ക് സാമ്പത്തികമായും സാമൂഹികപരമായും ഗുണകരമായിരിക്കുമോ എന്ന് പരിശോധിച്ച് അനുകൂലമായ സാഹചര്യം ഉണ്ടാകുന്ന പ്രദേശങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാൻ നടപടികൾ എടുത്തുവരുന്നുണ്ട്. ജില്ലാ ആശുപത്രികളുടെയും താലൂക്ക് ആശുപത്രികളുടെയും പരിസരത്ത് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ തുടങ്ങുവാൻ അടിയന്തരനടപടികൾ സ്വീകരിക്കുന്നുണ്ട്. വടകര ഡിപ്പോയുടെ കീഴിൽ കുന്നുമ്മൽ പഞ്ചായത്തിലെ കക്കട്ടിൽ മെഡിക്കൽ സ്റ്റോർ ഫർണീഷിംഗ് പൂർത്തിയാക്കി പ്രവർത്തനത്തിന് സജ്ജമായിക്കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

| സാമ്പത്തിക വർഷം | വിപണി ഇടപെടലിനായി സർക്കാർ സപ്ലൈകോയ്ക്ക് നൽകിയ ഗ്രാൻറ് (കോടി രൂപ) |
|---|---|
| 2016-17 | 200.00 |
| 2017-18 | 200.00 |
| 2018-19 | 125.00 |
| 2019-20 | 50.00 |
| 2020-21 | 2845.79* |
| **ആകെ** | **3420.79** |

( *വിപണി ഇടപെടൽ ശീർഷകത്തിൽ നിന്നും കോവിഡ് കിറ്റിനും ഓണ കിറ്റിനുമായി ആകെ അനുവദിച്ച 1989.79 കോടി രൂപയും റേഷൻ സബ്സിഡി ശീർഷകത്തിൽ നിന്നും കോവിഡ് കിറ്റിനായി അനുവദിച്ച 406.00 കോടി രൂപയും ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കോവിഡ് കിറ്റിനായി അനുവദിച്ച 450 കോടി രൂപയും ചേർത്ത് )

**അനുബന്ധം II**

| Sl no | Outlet | Outname | Application name | Company Name |
|---|---|---|---|---|
| 1 | Hyper Market | Vazhuthakad | Bigcart Kerala | Stevemobile Technologies Pvt Ltd |
| 2 | People Bazar | Fort | Basketbite | MySearch Global |
| 3 | In and Out | Althara | BigKart | Codeleven |
| 4 | People Bazar | Sreekaryam | www.flydeal.net | Flydeal Solutions |
| 5 | People Bazar | Kollam | Carteezty | Whatshalliget Technologies Pvt Ltd |
| 6 | People Bazar | Adoor | Delivor | Teentechies  Private Ltd |
| 7 | Hyper Market | Gandhinagar | RetailShoppe, Bigcart Kerala | Rbutton Technologies Pvt Ltd, Stevemobile Technologies Pvt Ltd |
| 8 | People Bazar | Panambilly Nagar | Doondlocart | Innovative Marketing Solutions Pvt Ltd |
| 9 | Super Market | Vyttila | Zumokart | Source Cloud Technologies LLP |
| 10 | Super Market | DH Road | Delboys | Login2 Creations Pvt Ltd (Delboys) |
| 11 | Super Market | Irumbanam | ShopsApp | Inventlabs Innovations Pvt Ltd |
| 12 | Super Market | Tripunithura | AM Needs | AM Needs Services Pvt Ltd |
| 13 | Hyper Market | Piravom | Ellokart | Ezoro Technologies Pvt Ltd |
| 14 | People Bazar | Thrissur | Ellokart | Ezoro Technologies Pvt Ltd |
| 15 | Super Market | Perumbilassery | Carteezy | WhatShallIGet Technologies Pvt. Ltd |
| 16 | Super Market | Mannuthi | Homie | Occudiz |
| 17 | Super Market | Ollur | Eezebi | Mafo Trading |
| 18 | People Bazar | Kozhikode | Madada | Madada Solutions Pvt Ltd |
| 19 | Super Market | Nadakkavu | Mymagiccart | Aeth Analytica Pvt Ltd |
| 20 | Super Market | Cheruvannur | Daily box | Dailybox LLP |
| 21 | Super Market | Kovoor | Ezbasket | Lanware Solutions LLP |